## പതിമൂന്നാം കേരള നിയമസഭ
### പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 588** — **10-03-2015-ലെ മറുപടിയ്ക്ക്**

## <u>സർക്കാർ ലോട്ടറികളുടെ പ്രചാരണം</u>

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീമതി. പി. അയിഷാ പോറ്റി :** | | **ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** |
| എ) | സർക്കാർ ലോട്ടറിക്ക് പത്രമാധ്യമങ്ങളിലൂടെയും ചാനലുകളിലൂടെയുമുള്ള പരസ്യങ്ങൾ നൽകുന്നത് നിർത്തലാക്കിയ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) | സംസ്ഥാന ഭാഗ്യക്കുറിക്ക് പത്രമാധ്യമങ്ങളിലൂടെയും ചാനലുകളിലൂടെയുമുള്ള പരസ്യങ്ങൾ നൽകുന്നത് നിർത്തലാക്കിയിട്ടില്ല. |
| ബി) | സർക്കാർ ലോട്ടറികളുടെ വിപണനത്തിൽ പരസ്യം നൽകുന്ന സ്വാധീനം ഫലപ്രദമാണെന്ന് ബോധ്യപ്പെട്ടി ട്ടുണ്ടോ ; | ബി) | ഉണ്ട്. |
| സി) | സർക്കാർ ലോട്ടറികളുടെ വിപണനത്തിൽ ഉണ്ടാകുന്ന കുറവ് സ്വകാര്യ, ഓൺലൈൻ ലോട്ടറികളെയും ഒറ്റ നമ്പർ ലോട്ടറി വിഭാഗത്തിനും സഹായകരമാകും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടു ണ്ടോ; | സി) | സംസ്ഥാന ലോട്ടറികളുടെ വിപണനത്തിൽ കുറവുണ്ടായിട്ടില്ല. നിലവിൽ സംസ്ഥാനത്ത് സ്വകാര്യ, ഓൺലൈൻ ലോട്ടറികളും ഒറ്റനമ്പർ ലോട്ടറികളും പ്രവർത്തിക്കുന്നില്ല. |
| ഡി) | സർക്കാർ ലോട്ടറികളുടെ പ്രചാരണത്തിനായി കൂടുതലായി എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ? | ഡി) | സംസ്ഥാന ഭാഗ്യക്കുറികളുടെ പ്രചരണത്തിനായി ഒരു പരസ്യ നയം രൂപീകരിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അച്ചടി ദൃശ്യ, ശ്രാവ്യ, നവ മാധ്യമങ്ങൾക്ക് പരസ്യങ്ങൾ നൽകിവരുന്നുണ്ട്. ഭാഗ്യക്കുറി ടിക്കറ്റിന്റെ വില്പനയുടെ അടിസ്ഥാനത്തിൽ ആവശ്യംവരുന്ന പക്ഷം അതാത് സമയങ്ങളിൽ കൂടുതൽ പ്രചരണ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ.**